practices and cultivation of lemon grass on steeper slopes. Diversion of surplus run-offs through grassed or otherwise protected waterways and providing check dams or other structure for gully erosion control also form part of the activities of the Department.

(b) About Rs. 2,58,500·

(c) Government of India have agreed to give the entire amount as loan of which 75% has to be returned in 15 equated annual instalments and the remaining 25 % as grants to be shared equally by Government of India and the State Government.

ജനസംഖ്യനിയന്ത്രണം.

* 226. [8] ശ്രീ. പ്രാക്കുളം ഭാസി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനസംഖ്യ നിയന്ത്രണത്തിനുള്ള പരിപാടികൾ എന്തെല്ലാമാണു് സംസ്ഥാനഗവണ്മെൻറു് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നതു്;

(ബി) നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടു് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഇപ്പോൾ പ്രവർത്തനം നടന്നുവരുന്ന പത്തു് കുടുംബസംവിധാന കേന്ദ്രങ്ങൾക്കു് പുറമേ കൂടുതൽ കേന്ദ്രങ്ങൾ അടുത്ത സാമ്പത്തികവർഷത്തിൽ തുറക്കാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടു്.

(ബി) മേൽപ്പറഞ്ഞ കേന്ദ്രങ്ങളിൽവച്ചു് സ്വീകരിക്കുവാൻ ഒരു നിശ്ചിതകാലത്തേക്കു് പ്രസവം ഇല്ലാതാക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ കൊടുക്കുക; അതിനുള്ള ഉപകരണങ്ങൾ ഉപയോഗിക്കേണ്ട വിധം പറഞ്ഞു മനസ്സിലാക്കുക ഇവ ചെയ്യുന്നതാണു്.

അബ്കാരി ലേലം.

* 227. [9] ശ്രീ. പ്രാക്കുളം ഭാസി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷത്തിൽ അബ്കാരി ലേലഇനത്തിൽ എത്ര രൂപയാണു് ഗവണ്മെൻറിനു് ലഭിച്ചതു്;

(ബി) ഈ വർഷത്തെ ലേലസംഖ്യ കഴിഞ്ഞ കൊല്ലത്തെക്കാൾ കൂടുതലാണോ; കുറവാണോ, എത്ര ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) 1955-56-ാമാണ്ടത്തെ അബ്കാരി ലേലത്തുക ഒരു കോടി നാല്പത്തിമൂന്നുലക്ഷത്തി നാല്പതിനായിരത്തി ഇരുന്നൂറ്റി ഇരുപതു് രൂപയായിരുന്നു.

(ബി) വൈക്കം, കുന്നത്തൂർ, കാർത്തികപ്പള്ളി എന്നീ താലൂക്കുകളിലെ ഏതാനും കുപ്പിഷാപ്പുകളും, ഗ്രൂപ്പിഷാപ്പുകളും; കരുനാഗപ്പള്ളി,

LIBRARY ARCHIVES Kerala Legislative Assembly